ഉത്തരം

(എ) 2003-04 വർഷത്തിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾ 7903-ഉം പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ 1034-ഉം ആണ്.

(ബി) ഇല്ല.

സ്വകാര്യ അൺ എയ്ഡഡ് സ്ഥാപനങ്ങൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് സ്വീകരിച്ച നടപടി

110 [709] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അൺ എയ്ഡഡ് സ്ഥാപനങ്ങൾക്ക് എയ്ഡഡ് പദവി കൊടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സ്ക്കൂളുകൾക്ക് ഈ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അൺ എയ്ഡഡ് സ്കൂളുകൾക്കൊന്നും എയിഡഡ് പദവി നൽകിയിട്ടില്ല.

ഓലഷെഡുകൾ മാറ്റി പുതിയ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാൻ നടപടി

111 [710] ശ്രീ. യു. സി. രാമൻ:
,, പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ്:
,, സി. മമ്മൂട്ടി:
,, കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര ഗവൺമെന്റ് സ്കൂളുകൾ ഓലഷെഡിൽ പ്രവർത്തിക്കുന്നു എന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(ബി) ഓലഷെഡിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് പകരം കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മുഴുവൻ സ്കൂളുകൾക്കും പുതിയ കെട്ടിടങ്ങൾ എന്നത്തേക്ക് നിർമ്മിച്ച് നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജില്ല തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു:

തിരുവനന്തപുരം	..	535
കൊല്ലം	..	69
പത്തനംതിട്ട	..	2
ആലപ്പുഴ	..	26
കോട്ടയം	..	36
ഇടുക്കി	..	28
എറണാകുളം	..	119
തൃശ്ശൂർ	..	33
പാലക്കാട്	..	63
മലപ്പുറം	..	143
കോഴിക്കോട്	..	20
വയനാട്	..	39
കണ്ണൂർ	..	38
കാസർകോഡ്	..	58
ആകെ		1209 സ്കൂളുകൾ

(ബി) ഉണ്ട്.

(സി) 2005 അദ്ധ്യയനവർഷാരംഭത്തിൽ തന്നെ ഓലഷെഡുകൾ മാറ്റി പെർമനന്റ്/സെമി പെർമനന്റ് കെട്ടിടങ്ങൾ നിർമ്മിക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

ഓലഷെഡുകളിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ നവീകരിക്കാൻ നടപടി

112 [711] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഓലഷെഡുകളിൽ പ്രവർത്തിക്കുന്ന നഴ്സറി സ്കൂളുകൾ, അംഗൻവാടികൾ, സ്കൂളുകൾ എന്നിവയുടെ മേൽക്കൂര പുതുക്കി പണിയുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കുംഭകോണ ദുരന്തത്തിനുശേഷം കേരളത്തിൽ എത്ര സ്കൂളുകൾക്കും അംഗൻവാടികൾക്കും, നഴ്സറി സ്ക്കൂളുകൾക്കും കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിക്കുകയോ ഓലമേൽക്കൂര മാറ്റി നിർമ്മിക്കുകയോ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly